LIBRARY ARCHIVES Kerala Legislative Assembly

മംഗലം ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി

147(847) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി പഞ്ചായത്തുകൾക്കായി മംഗലം ഡാം സ്രോതസ്സായി വിഭാവന ചെയ്ത സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ നില വ്യക്തമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഴക്കഞ്ചേരി, വണ്ടാഴി, വടക്കഞ്ചേരി, കണ്ണമ്പ്ര പഞ്ചായത്തുകൾക്കായുള്ള മംഗലം ഡാം സ്രോതസ്സായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 14-5-2014-ന് കൂടിയ എസ്.എൽ.എസ്.സി.-യിൽ ജി.ഒ.(ആർ.ടി.)നമ്പർ 954/2014/ജവിവ തീയതി 8-10-2014 പ്രകാരം 20 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി കിണർ, ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് മംഗലം ഡാം റിള്ളേജിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് 50 റീ സർവ്വേ 1-ൽപ്പെട്ട 250 സെന്റ് സ്ഥലത്തിന് സർക്കാർ കത്ത് നമ്പർ 18650/ഐ.ആർ/15/ജവിവ തീയതി 7-12-2015-ന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. വകുപ്പുതല ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) രണ്ട് വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ദേശീയ ജലപാതാസംയോജനം

148(848) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതാസംയോജനത്തിൽനിന്നും ഒഴിവാക്കപ്പെട്ട ജലാശയങ്ങളെ സംസ്ഥാന ജലപാതാ വികസനത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;